**തദ്ദേശ സ്വയം ഭരണ വകുപ്പ്**

**ജോയിന്റ് ഡയറക്ടറുടെ കാര്യാലയം, എറണാകുളം.**

**സിവിൽ സ്റ്റേഷൻ, കാക്കനാട്, എറണാകുളം - 682 030**

**ഫോൺ: 0484 – 2422219, ഇ-മെയിൽ : jdlsgdekm@gmail.com**

നമ്പർ: LSGD/JD/EKM/4292/2024-D9 **തീയതി: 24-06-2024**

**കൺവീനർ & അസിസ്റ്റന്റ് ഡയറക്ടർ,**
**സിറ്റിസൺ അസിസ്റ്റന്റ് സ്ഥിരം അദാലത്ത്**
**തദ്ദേശ സ്വയംഭരണ വകുപ്പ് എറണാകുളം**

**മോഹൻദാസ് ചാക്കോ**
mohandaschacko5@gmail.com
അഡ്രസ്സ് ലഭ്യമായിട്ടില്ല

**സർ,**

**വിഷയം :-** ത.സ്വ.ഭ വകുപ്പ് -സിറ്റിസൺ അസിസ്റ്റന്റ് സ്ഥിരം അദാലത്ത് ജില്ലാ സമിതി എറണാകുളം - ശ്രീ മോഹൻദാസ് ചാക്കോ സമർപ്പിച്ച പരാതി സംബന്ധിച്ച്.

**സൂചന :-** 1) ഈ ഓഫീസിലെ 22.05.2024 തീയതിയിലെ ഇതേ നമ്പർ കത്ത്
2) 18.06.2024 ൽ നടന്ന സിറ്റിസൺ അസിസ്റ്റന്റ് ജില്ലാതല അദാലത്ത് യോഗത്തിന്റെ തീരുമാനം

മേൽ വിഷയത്തിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

താങ്കൾ ബഹു.തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിക്ക് 17.04.2024 ൽ നൽകിയ പരാതി ഈ ഓഫീസിലേക്ക് നടപടികൾക്കായി ലഭിച്ചത് പരിശോധിച്ചതിൽ നിന്നും പരാതി എന്താണെന്നോ, പരാതിക്കാധാരമായ കാരണങ്ങൾ എന്താണെന്നോ വ്യക്തമല്ല. ടി കാര്യങ്ങൾ വിശദീകരിച്ച് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സൂചന(1 ) പ്രകാരം താങ്കളുടെ മെയിൽ ഐഡി യിലേയ്ക്ക് കത്ത് അയച്ചിരുന്നെങ്കിലും മറുപടി ഇതുവരെ ലഭ്യമായിട്ടില്ല.

ആയതിനാൽ സൂചന (2) പ്രകാരം നടന്ന അദാലത്ത് യോഗത്തിന്റെ തീരുമാനപ്രകാരം പരാതിയുടെ വിശദവിവരങ്ങൾ **10** ദിവസത്തിനകം ലഭ്യമാക്കാത്തപക്ഷം താങ്കളുടെ പരാതി നിരസിക്കുന്നതാണെന്ന വിവരം അറിയിക്കുന്നു.

വിശ്വസ്തതയോടെ

കൺവീനർ & അസിസ്റ്റന്റ് ഡയറക്ടർ

Signed by
Subrahmanian K K
Date: 24-06-2024 17:20:17

SUBRAHMANIAN K K
ASSISTANT DIRECTOR